**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 593** **02-02-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കുമായി ആരംഭിച്ച മെഡിസെപ്പ് പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തത് ഏത് കമ്പനിയെ ആണെന്ന് വ്യക്തമാക്കാമോ; | (എ) | **"ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്" നെയാണ് സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കുമായി ആരംഭിച്ച മെഡിസെപ് പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്നത്.** |
| (ബി) | മെഡിസെപ്പ് പദ്ധതിയിൽ നിന്നും പല ഹോസ്പിറ്റലുകളും പിന്തിരിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണെന്നും അതിനെതിരെ നടപടി സ്വീകരിക്കുവാൻ സാധിക്കുമോയെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | **മെഡിസെപ് പദ്ധതിയിൽ എംപാനൽ ചെയ്തശേഷം ചില പാക്കേജുകളുടെ നിരക്ക് കുറവുകൾ കാരണമോ ആശുപത്രികൾക്കുള്ള ഇൻഷ്വറൻസ് കമ്പനി നൽകേണ്ട പെയ്മെന്റ് കുടിശ്ശിക കാരണമോ ആശുപത്രികൾ പിൻമാറുന്ന സാഹചര്യത്തിൽ അത്തരം ആശുപത്രികൾക്കെതിരെ കരാർ പ്രകാരമുള്ള നിയമ നടപടി സ്വീകരിക്കുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ